പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3398. 21.12.2012 - ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി: | ശ്രീ. കെ.പി . മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി താറാവ് കൃഷിക്കാർക്ക് താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട ആടു വിതരണ പദ്ധതി കുട്ടനാട് മേഖലയിലെ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതിനാലും പ്രോസ്പിരിറ്റി കൗൺസിലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആടു വിതരണ പദ്ധതിക്ക് പകരം താറാവ് വളർത്തൽ പദ്ധതി നടപ്പിലാക്കി. പദ്ധതിക്കായി 1,28,72,909 രൂപ അനുവദിച്ചു. പദ്ധതി പ്രകാരം 500 താറാവുകൾ വീതമുള്ള 287 താറാവ് യൂണിറ്റുകൾ നടപ്പിലാക്കി. കൂടാതെ 13-ാം ധനകാര്യ കമ്മിഷൻ അവാർഡ് മുഖേനയുള്ള കുട്ടനാട് പാക്കേജിന്റെ ഭാഗമായി 2011 - 2015 വർഷത്തേക്ക് 12.85 കോടി രൂപയുടെ നിരണം ഡക്ക് ഫാമിന്റെ ഉന്നമനവും കുട്ടനാട് മേഖലയിൽ താറാവ് വളർത്തലിലുള്ള പുനരുജ്ജീവനവും എന്ന പദ്ധതിക്കായി അംഗീകാരം നൽകിയിരുന്നു. ഇതിൽ 2012 -2015 കാലയളവിൽ 5.13 ലക്ഷം രൂപയുടെ താറാവ് വളർത്തൽ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) താറാവ് വളർത്തലിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) ആടു വിതരണ പദ്ധതിക്ക് പകരമായി നടപ്പിലാക്കിയ താറാവ് വളർത്തൽ പദ്ധതിക്കായി 1,28,72,909/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു യൂണിറ്റിൽ 500 താറാവുകൾ ഉൾപ്പെടുന്ന 287 താറാവിൻ യൂണിറ്റുകൾ നടപ്പിലാക്കി. |

(സി) ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുവെങ്കിൽ ആയതിനുള്ള മാനദണ്ഡവും ഗുണഭോക്താക്കളുടെ ലിസ്റ്റും ലഭ്യമാക്കുമോ?

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം ചുവടെ ചേർക്കുന്നു.

1. ചെറു/ഇടത്തരം രീതിയിലുള്ള താറാവ് കൃഷിയിൽ അറിവും, അനുഭവവും ഉള്ളവരായിരിക്കണം.
2. ഇപ്പോൾ താറാവ് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മുൻഗണന
3. താറാവ് കൃഷിയിൽ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടാവണം

ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) പുതിയതായി താറാവ് കൃഷി നടത്തുവാൻ ആഗ്രഹിക്കുന്നവരെക്കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

(ഡി) സ്വീകരിക്കും.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**